# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1460 — 13/07/2016-ൽ മറുപടിക്ക്

### ഡിഫ്ത്തീരിയയ്ക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ

ചോദ്യം — ശ്രീ. വി. അബ്ദുറഹിമാൻ

മറുപടി — ശ്രീമതി.കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും - സാമൂഹ്യ നീതിയും വകുപ്പുമന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| എ) മലപ്പുറം ജില്ലയിൽ ഡിഫ്ത്തീരിയ മരണങ്ങൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്;<br>ബി) ഇനിയും കുത്തിവയ്പ്പെടുക്കാത്തതോ, ഭാഗികമായി കുത്തിവയ്പ്പെടുത്തതോ ആയ 1,32,000 ത്തോളം കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ്പെടുക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) & ബി) | ഈ വർഷം 07.06.2016- നാണ് മലപ്പുറം ജില്ലയിൽ ആദ്യമായി ഡിഫ്ത്തീരിയ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടത്. ജില്ലയിലെ കൊണ്ടോട്ടി, വളവന്നൂർ, വെട്ടം, ഓമന്നൂർ, നെടുവ, കുറ്റിപ്പുറം, മങ്കട, വേങ്ങര എന്നീ ഹെൽത്ത് ബ്ലോക്കുകളിലാണ് (09.07.2016 വരെ) രണ്ട് മരണങ്ങൾ ഉൾപ്പെടെ 25 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇതിൽ രണ്ട് പേർക്ക് ലാബ് പരിശോധനയിൽ രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടയുടൻ തന്നെ രോഗിയുമായി അടുത്തിടപഴകാൻ സാധ്യതയുള്ള കുടുംബത്തിലുള്ളവരെയും, സ്കൂൾ കുട്ടികളെയും ഡോക്ടർമാർ അടങ്ങുന്ന സംഘം സ്ക്രീൻ ചെയ്യുകയും ടിഡി വാക്സിനും, ആൻറി ബയോട്ടിക് പ്രൊഫൈലാക്സിസ് നൽകുകയും ചെയ്തിട്ടുണ്ട്. രോഗലക്ഷണമുള്ളവരുടെ തൊണ്ടയിലെ സ്രവം പരിശോധനയ്ക്കായി അയക്കുകയും ചെയ്തിട്ടുണ്ട്. രോഗബാധിതർക്കെല്ലാം ആൻറി ടോക്സിൻ നൽകുകയും, വാക്സിൻ കോഴിക്കോട് മെഡിക്കൽ കോളേജിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. രോഗബാധ റിപ്പോർട്ട് ചെയ്ത വീടിനു ചുറ്റുമുള്ള 100 വീടുകൾ സർവ്വേ നടത്തി സമാന രോഗലക്ഷണങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കുകയും പൂർണ്ണമായോ ഭാഗീകമായോ കുത്തിവയ്പ്പ് എടുക്കാത്ത സ്കൂൾ കുട്ടികൾ ഉൾപ്പെടെ എല്ലാവർക്കും ടിഡി വാക്സിൻ നൽകിയിട്ടുണ്ട്.<br>ജില്ലയിൽ 16 വയസ്സിനു താഴെയുള്ള 12,53,259 |

കുട്ടികളിൽ 2,35,535 കുട്ടികൾ (18.79%) പൂർണ്ണമായോ ഭാഗീകമായോ കുത്തിവയ്പ്പ് എടുക്കാത്തവരാണ്. ആയതിനാൽ എല്ലാ കുട്ടികൾക്കും പൂർണ്ണമായ പ്രതിരോധശേഷി ലഭ്യമാക്കുന്നതിനു വേണ്ടി സ്പെഷ്യൽ ഇമ്മ്യൂണൈസേഷൻ പരിപാടികളായ മിഷൻ ഇന്ദ്രധനുഷ്, മിഷൻ മുക്തി എന്നിവ നടത്തി വന്നിരുന്നു. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടും കൂടുതൽ കേസ്സുകൾ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യം കണക്കിലെടുത്ത് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പ് മന്ത്രിയുടേയും, ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടേയും നിർദ്ദേശപ്രകാരം അഡീ.ഡയറക്ടർ (കുടുംബക്ഷേമം) ഇൻ ചാർജ്ജ്, നാഷണൽ ഹെൽത്ത് മിഷൻ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ എന്നിവരുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഡിഫ്ത്തീരിയ പ്രതിരോധ പ്രവർത്തനങ്ങളും നിയന്ത്രണ മാർഗ്ഗങ്ങളും ഉൾപ്പെടുത്തി അടിയന്തിര കർമ്മ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായി.

കൂടാതെ ജില്ലയിൽ കൂടുതൽ കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെടാനുള്ള സാധ്യത കണക്കിലെടുത്ത് ബഹു: ആരോഗ്യ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ മലപ്പുറം ജില്ലാ കളക്ടറുടെ കോൺഫറൻസ് ഹാളിൽ 07.07.2016-ന് അവലോകന യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ജനപ്രതിനിധികളും, തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർ, വിവിധ മതമേലദ്ധ്യക്ഷൻമാർ എന്നിവരും പങ്കെടുത്തു. പ്രസ്തുത യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ രോഗബാധിത പ്രദേശങ്ങളിൽ രണ്ടാഴ്ച നീണ്ടുനിൽക്കുന്ന ഊർജ്ജിത ഡിഫ്ത്തീരിയ രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും, 10 മുതൽ 16 വയസ്സുവരെയുള്ള കുട്ടികളെ പൂർണ്ണമായും ഉൾപ്പെടുത്തിക്കൊണ്ട് ഒരു വാക്സിനേഷൻ കർമ്മ പദ്ധതിക്ക് രൂപം നൽകുകയും ചെയ്തു.

ഇതനുസരിച്ച് 8 ബ്ലോക്കിലുമായി 2,31,892 കുട്ടികൾക്ക് ടിഡി വാക്സിൻ നൽകേണ്ടതുണ്ട്. ഇതിനായി 11-07-2016 മുതൽ ഒരു മാസകാലയളവിൽ മൊത്തം കുട്ടികൾക്കും ടിഡി

| | | |
|---|---|---|
| | | വാക്സിൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br>ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ ഒഴിവുള്ള പ്രദേശങ്ങളിൽ 60 സ്കൂൾ ഹെൽത്ത് നേഴ്സുമാരുടെ സേവനം ഉപയോഗപ്പെടുത്തുവാൻ നിർദ്ദേശം നൽകുകയുണ്ടായി.<br>മഞ്ചേരി മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ 400-ഓളം നേഴ്സിംഗ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ജില്ലയിൽ ഏറ്റവും കൂടുതൽ കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള കൊണ്ടോട്ടി ബ്ലോക്കിൽ സർവ്വേ നടത്തി നടപ്പിലാക്കപ്പെട്ട രോഗപ്രതിരോധ പ്രവർത്തനങ്ങളും നിലവിലെ രോഗപ്രതിരോധ സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br>ഐ.എം.എ, ഐ.എ.പി, കെ.ജി.എം.ഒ.എ ഉടങ്ങിയ വിവിധ സംഘടനകളെയും, ശിശുരോഗവിഭാഗം, കമ്മ്യൂണിറ്റി മെഡിസിൽ വിഭാഗം എന്നിവരെ ഉൾപ്പെടുത്തി ജില്ലയിലെ 1300 സ്കൂളുകളിൽ പി.റ്റി.എ മീറ്റിംഗ് സംഘടിപ്പിക്കുവാനും ഡിഫ്ത്തീരിയ പൊട്ടിപ്പുറപ്പെടാനുള്ള സാഹചര്യം കണ്ടെത്തുന്നതിനായി വിദഗ്ധൻമാരെ ഉൾപ്പെടുത്തി ഒരു എക്സ്പെർട്ട് ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കുത്തിവയ്പ്പിനെതിരെയുള്ള പ്രചരണം തടയുന്നതിനായി എല്ലാ മതവിഭാഗങ്ങളെയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തി ഒരു കൂട്ടായ്മയുണ്ടാക്കാനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. |
| സി)അനാഥാലയങ്ങളിലെ കുട്ടികൾക്ക് കുത്തിവയ്പ്പ് നടത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ; | സി) | മലപ്പുറം ജില്ലയിൽ ഉള്ള 111 അനാഥാലയങ്ങളിൽ അതാത് പി.എച്ച്.സി യുടെ കീഴിൽ മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജിന്റെ നേതൃത്വത്തിൽ സന്ദർശനം നടത്തി 10 വയസ്സുമുതൽ 16 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും ടിഡി വാക്സിനും 10 വയസ്സുവരെയുള്ള കുട്ടികൾക്ക് സാർവ്വത്രിക പ്രതിരോധ കുത്തിവയ്പ്പ് പരിപാടിയുടെ പട്ടിക പ്രകാരമുള്ള കുത്തിവയ്പുകൾ എടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

| | | |
|---|---|---|
| ഡി) ഡിഫ്ത്തീരിയ മരണം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കൂടുതൽ ഡോക്ടർമാരെ നിയമിക്കാൻ നടപടികളെടുക്കുമോ? | ഡി) | ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ